"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

സാംസ്കാരികകാര്യ വകുപ്പ് -സാംസ്കാരിക വകുപ്പ് അധ്യക്ഷ കാര്യാലയം - സമം പദ്ധതി- 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി) വകുപ്പ്**

സ.ഉ.(സാധാ) നം.263/2024/CLAD തീയതി,തിരുവനന്തപുരം, 28-05-2024

---

പരാമർശം:-

1. സ.ഉ(സാധാ) നം.20/2021/സാം.കാ.വ തീയതി 02.09.2021
2. സ.ഉ(സാധാ) നം.14/2022/സാം.കാ.വ തീയതി 10.01.2022
3. സ.ഉ(സാധാ) നം.316/2022/സാം.കാ.വ തീയതി 24.05.2022
4. സ.ഉ(സാധാ) നം.509/2022/സാം.കാ.വ തീയതി 30.08.2022
5. സ.ഉ(സാധാ) നം.220/2023/സാം.കാ.വ തീയതി 17.05.2023
6. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 02.05.2024- ലെ പി4-650/24//സാം.വ നമ്പർ കത്ത്
7. 04.05.2024- ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

## ഉത്തരവ്

'സമം-സ്ത്രീ സമത്വത്തിനായൊരു സംസ്കാരിക മുന്നേറ്റം' എന്ന പദ്ധതിയുടെ നടത്തിപ്പിനായി സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിന് 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി ''2205-00-800-29(പ്ലാൻ) " എന്ന ശീർഷകത്തിൽ 1,25,00,000/- രൂപ (ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി വിഹിതം ചെലവഴിച്ച് വിവിധ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

2. 04.05.2024-ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത ശിപാർശ വിശദമായി പരിശോധിച്ച് ചില നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകുകയുണ്ടായി. മേൽ സാഹചര്യത്തിൽ സമം പദ്ധതിയുടെ നടത്തിപ്പിനായി സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിന് 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി "2205-00-800-29(പ്ലാൻ) " എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1,25,00,000/-രൂപ (ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് ചുവടെ ചേർത്തിട്ടുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി പദ്ധതി നിർവഹണം നടത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പദ്ധതി ഘടകങ്ങൾ | തുക (ലക്ഷത്തിൽ) |
|---|---|---|

| | | |
|---|---|---|
| 1 | വിവർത്തന ശില്പശാലകൾ | 7,00,000/- |
| 2 | മൈക്രോ ഫിലിം /ഡോക്യുമെന്ററി മത്സരവും ഫെസ്റ്റിവലും | 7,00,000/- |
| 3 | സമം ജില്ലാ പരിപാടികൾ | 12,00,000/- |
| 4 | സമം ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ | 10,00,000/- |
| 5 | സ്ത്രീ ആവിഷ്കാരങ്ങളുടെ ഉത്സവങ്ങൾ(Festival for womens expressions) | 35,00,000/- |
| 6 | ഡിബേറ്റ് ഫെസ്റ്റ് - സമം ഡിബേറ്റ് ഫെസ്റ്റ് ഫോർ യൂത്ത് | 7,00,000/- |
| 7 | വനിതാ ഫോട്ടോഗ്രാഫി ക്യാമ്പ് | 5,50,000/- |
| 8 | സമം ലിറ്റററി അവാർഡ് ഫോർ വുമൺ | 2,50,000/- |
| 9 | സമം പ്രചരണ പരിപാടി (ഫ്ലാഷ് മോബ് ) | 14,00,000/- |
| 10 | ഓഫീസ് മുറി, അതിന് വേണ്ട സാമഗ്രികൾ, മനുഷ്യവിഭവം, യാത്രാച്ചെലവുകൾക്കുള്ള തുക എന്നിവയ്ക്ക് | 25,00,000/- |
| | ആകെ | **1,25,00,000/-** |

3. ഇപ്രകാരം പുറപ്പെടുവിക്കുന്ന ഭരണാനുമതി ഉത്തരവ് താഴെപ്പറയുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും കൂടി വിധേയമായിരിക്കും.

1. വിവർത്തന ശില്പശാല എന്ന ഘടകവുമായി ബന്ധപ്പെട്ട പുസ്തക പ്രസിദ്ധീകരണത്തിനായി മലയാളം മിഷൻ, കേരള സ്റ്റേറ്റ് ബുക്ക്മാർക്ക്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പുസ്തക പ്രസിദ്ധീകരണത്തിനുള്ള ഉപദേശക സമിതി രൂപീകരിക്കേണ്ടതും ഈ സാമ്പത്തിക വർഷം തന്നെ പുസ്തക പ്രസിദ്ധീകരണം നടത്തേണ്ടതുമാണ്.

2. സമം ലിറ്റററി അവാർഡ് സെലക്ഷൻ കമ്മിറ്റി ഉത്തരവിലൂടെ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്. സമത്തിന്റെ ഓഫീസ് സംവിധാനം, മറ്റ് ചെലവുകൾ എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയതിന് പ്ലാനിംഗ് - ധനകാര്യ വകുപ്പുകളുടെ അംഗീകാരം തേടേണ്ടതാണ്

3. പദ്ധതി നടത്തിപ്പിലേയ്ക്ക് നടപടിക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും നിർബന്ധമായും പാലിക്കേണ്ടതാണ്.

4. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട purchase-കൾ (ITഅനുബന്ധ സാമഗ്രികൾ ഉൾപ്പെടെ) Store Purchases റൂൾസിനും IT procurement guidelines-നും അനുസൃതമായിരിക്കേണ്ടതും വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്.

5. പദ്ധതി ഘടകങ്ങൾക്കുള്ള തുക release ഓർഡർ - ന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ പിൻവലിച്ചു നൽകേണ്ടതാണ്. ആവശ്യകതയ്ക്കനുസരിച്ച് മാത്രമേ തുക പിൻവലിക്കാൻ പാടുള്ളൂ.

6. തുകയുടെ ശരിയായ വിനിയോഗം യഥാസമയങ്ങളിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ മേൽനോട്ടം വഹിക്കേണ്ടതും പദ്ധതി പൂർത്തീകരിക്കുമ്പോൾ ധനവിനിയോഗ സാക്ഷ്യപത്രവും വിശദമായ ധനവിനിയോഗ പത്രികയും സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിനി ആന്റണി.ഐ.എ.എസ്

സെക്രട്ടറി

ഡയറക്ടർ,സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ &ഇ )കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് )കേരളം, തിരുവനന്തപുരം

ചീഫ്, സോഷ്യൽ സർവ്വീസസ് ഡിവിഷൻ, സംസ്ഥാന ആസൂത്രണബോർഡ്, തിരുവനന്തപുരം.

ധനകാര്യ(വിദ്യാഭ്യാസം - സി ) വകുപ്പ്

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട്, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സാംസ്കാരിക കാര്യ (ബി) വകുപ്പ്

ഡയറക്ടർ, ഐ&പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ /ഓഫീസ് പകർപ്പ്(C1/93/2024-CLAD)

ഉത്തരവിൻ പ്രകാരം

Signed by

Mini T R

സെക്ഷൻ ഓഫീസർ

Date: 29-05-2024 14:28:41

പകർപ്പ്- സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ്സ്-ന്